**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 5691

03.11.2016 ൽ
മറുപടിക്ക്

## കൊലപാതക കേസ്സുകളിൽ പ്രതികൾക്ക് പരമാവധി ശിക്ഷ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനത്ത് കൊലപാതക കേസ്സുകളിൽ പ്രതികൾക്ക് പരമാവധി ശിക്ഷ ഉറപ്പു വരുത്തുന്നതിന് പ്രോസിക്യൂഷൻ ആവശ്യമായ ശ്രദ്ധ പുലർത്തുന്നുണ്ടോയെന്ന കാര്യം സർക്കാർ നിരീക്ഷിക്കാറുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടിയാണ് സ്വീകരിക്കുന്നത്; | (എ) യും (ബി) യും (സി) യും | സംസ്ഥാനത്ത് കൊലപാതക കേസ്സുകൾ ഉൾപ്പെടെ എല്ലാ കേസ്സുകളിലെയും പ്രതികൾക്ക് ഇൻഡ്യൻ ശിക്ഷാനിയമം അനുശാസിക്കുന്ന പരമാവധി ശിക്ഷകൾ ഉറപ്പുവരുത്താൻ പ്രോസിക്യൂഷൻ പരിശ്രമം നടത്താറുണ്ട്. ക്രിമിനൽ നടപടിച്ചട്ടങ്ങൾ അനുസരിച്ച് നടത്തപ്പെടുന്ന കേസുകളിൽ ബന്ധപ്പെട്ട നിയമം അനുശാസിക്കുന്ന പരമാവധി ശിക്ഷ നൽകുന്നതിന് സർക്കാരിന് എതിരഭിപ്രായം ഇല്ല. |
| ബി) സംസ്ഥാനത്തെ എല്ലാ കൊലപാതക കേസ്സുകളിലെയും പ്രതികൾക്ക് നിലവിലെ നിയമ പ്രകാരമുള്ള പരമാവധി ശിക്ഷ ലഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നുണ്ടോ; | | |
| സി) പ്രതികൾക്ക് പരമാവധി ശിക്ഷയായി വധശിക്ഷ നൽകുന്നതിൽ ഈ സർക്കാരിന് എന്തെങ്കിലും എതിരഭിപ്രായമുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ